**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6571** **20-03-2023 - ൽ മറുപടിയ്ക്ക്**

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; അറിയിക്കുമോ; | (എ) | **കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന വാർഷിക ഭരണ റിപ്പോർട്ട് ഭരണസമിതി യോഗം അംഗീകരിച്ച് സർക്കാർ തുടർ അംഗീകാരം നല്കി വരുന്നു. കൂടാതെ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് മന്ത്രിതല അവലോകനവും നടത്തിവരുന്നു.** |
| (ബി) | കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ എത്ര പുസ്തകങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുകയുണ്ടായി; വ്യക്തമാക്കാമോ; | (ബി) | **കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ (നടപ്പ് സാമ്പത്തികവർഷം ഉൾപ്പെടെ) 897 ശീർഷകങ്ങളിലായി പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.** |
| (സി) | ബുക്ക്മാർക്കിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നവീകരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; അറിയിക്കുമോ; | (സി) | **ബുക്ക്മാർക്കിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും നവീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.** |
| (ഡി) | പുസ്തക പ്രസാധകർക്ക് ബുക്ക്മാർക്ക് നൽകുന്ന സഹകരണവും പ്രോത്സാഹനവും വിലയിരുത്തിയിട്ടുണ്ടോ; അറിയിക്കുമോ; | (ഡി) | **എല്ലാ പ്രസാധകരുടേയും പുസ്തകങ്ങൾ പുസ്തകങ്ങളുടെ നിലവാരം മാനദണ്ഡമാക്കി ബുക്ക്മാർക്ക് വാങ്ങി വിതരണം ചെയ്യുന്നുണ്ട്. ചെറുകിട പ്രസാധകർക്ക് വിപണിയിൽ തങ്ങളുടെ പുസ്തകങ്ങൾ എത്തിക്കാൻ ബുക്ക്മാർക്കിന്റെ ജില്ലകൾ തോറുമുള്ള ശാഖകൾ പ്രയോജനപ്പെടുന്നുണ്ട്.** |
| (ഇ) | പ്രസാധകരിൽ നിന്നും പുസ്തകങ്ങൾ വിൽപ്പനയ്ക്ക് എടുക്കുമ്പോൾ ബുക്ക്മാർക്കും പ്രസാധകരും തമ്മിലുള്ള കരാർ വ്യവസ്ഥകൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ? | (ഇ) | കരാർ വ്യവസ്ഥകൾ സംബന്ധിച്ച വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധം 1-ൽ ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## വ്യവസ്ഥകൾ

1. വിൽപനയ്ക്കേൽപിക്കുന്ന പുസ്തകത്തിന്റെ ഉള്ളടക്കവും പ്രസാധനവും ഉയർന്ന നിലവാരം പുലർത്തിയിരിക്കണം.
2. കോപ്പികൾ പ്രസാധകർ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ബുക്ക്മാർക്കിന്റെ കേന്ദ്ര ആഫീസിലെത്തിക്കണം.
3. വിൽപ്പന കമ്മീഷൻ മുഖവിലയുടെ 50% ആയിരിക്കും
4. വിൽപ്പനയുടെ കണക്ക് ആറുമാസത്തിലൊരിക്കൽ പ്രസാധകരെ അറിയിക്കുകയും കണക്കുപ്രകാരം കമ്മീഷൻ കഴിച്ചുള്ള തുക അടുത്തമൂന്ന് മാസത്തിനുള്ളിൽ പ്രസാധകന് നൽകുന്നതുമാണ്.
5. വിൽപ്പനയ്ക്കേൽപിക്കുന്ന കോപ്പികൾ വിൽപ്പന മന്ദഗതിയിലാണെന്നുകണ്ടാൽ അവ പ്രസാധകന് മടക്കിനൽകാൻ ബുക്ക്മാർക്കിന് സ്വാതന്ത്ര്യമുണ്ടായിരിക്കും.
6. വിൽപനയ്ക്ക് കൂടുതൽ കോപ്പികൾ ആവശ്യമായി വന്നാൽ അവ പ്രസാധകർ ബുക്ക് മാർക്കിനെ ഏൽപിക്കേണ്ടതാണ്.
7. വിൽപ്പനയ്ക്കേൽപിക്കുന്ന പുസ്തകത്തിന്റെ 10 കോപ്പിയോ കമ്മിറ്റി നിശ്ചയിക്കുന്ന എണ്ണമോ പരിശോധനയ്ക്കും ഓഫീസ് ആവശ്യത്തിനുമായി ബുക്ക്മാർക്കിന് സൗജന്യമായി നൽകേണ്ടതാണ്.
8. ബുക്ക്മാർക്കിന്റെ പുസ്തക വിതരണക്കമ്മിറ്റിയുടെ അംഗീകാരംനേടിയ പുസ്തകങ്ങൾ മാത്രമായിരിക്കും വിതരണത്തിനായി സ്വീകരിക്കുന്നത്.
9. അഞ്ചു വർഷത്തിനുമേൽ പഴക്കം വരുന്ന ഗ്രന്ഥങ്ങൾക്ക് 80% വും മൂന്നു വർഷത്തിനുമേൽ വിൽപന ലഭിക്കാത്ത ഗ്രന്ഥങ്ങൾക്ക് 70%വും വിൽപ്പന കമ്മീഷൻ ഈടാക്കുന്നതാണ്.
10. ഡിജിറ്റൽ മാർക്കറ്റിംഗിനും ബുക്ക്മാർക്കിന് അവകാശമുണ്ടായിരിക്കുന്നതാണ്.
11. സർക്കാർസ്ഥാപനങ്ങൾ പുറത്തിറക്കുന്ന ഗ്രന്ഥങ്ങൾക്കും ഇതര പ്രസിദ്ധീകരണങ്ങൾക്കുംമാത്രമായിരിക്കും ബുക്ക്മാർക്ക് മുഖ്യപരിഗണന നൽകുക. പതിനായിരക്കണക്കിന് ഗ്രന്ഥങ്ങൾ വിതരണംചെയ്തുവരുന്ന ബുക്ക്മാർക്ക് ശാഖകളിൽ സ്വകാര്യപ്രസാധകരുടെ ഗ്രന്ഥങ്ങൾ പ്രദർശനവിൽപ്പനയ്ക്ക് സ്ഥലപരിമിതികളാൽ അസൗകര്യങ്ങൽ നേരിടാനുള്ള സാധ്യതകൾ അംഗീകരിക്കേണ്ടതാണ്.